# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6768

12.07.2012 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | മലപ്പുറം ജില്ലയിൽ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട് മിഷൻ നടപ്പാക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | എ) | മലപ്പുറം ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥർക്കും അക്ഷയ സംരംഭകർക്കും പരിശീലനം നൽകിക്കഴിഞ്ഞു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കുന്ന നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കണക്റ്റിവിറ്റി [illegible] അധികാരികളുമായി ചർച്ച നടത്തി നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി സർക്കാർ ഓഫീസുകളിൽ എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുകയെന്ന് വിശദമാക്കാമോ ; | ബി) | ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതോടു കൂടി റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ആദ്യമായി പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകുന്നത് (വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു). തുടർന്ന് 4 വകുപ്പുകളിലെ സേവനങ്ങൾ കൂടി പൊതുജനങ്ങൾക്ക് ലഭ്യമാകും. |
| സി) | സർക്കാർ ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കാനും അഴിമതി വിമുക്തമാക്കാനും ഈ പദ്ധതിമൂലം സാധിക്കുമോ ; | സി) യും ഡി) യും | ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതോടു കൂടി അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി വില്ലേജോഫീസുകളിൽ എത്തുന്ന അപേക്ഷയിന്മേൽ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ തന്നെ സൂക്ഷ്മ പരിശോധന നടത്തി നടപടിയെടുക്കുന്നതിന് സാധിക്കുന്നു. ഉദ്യോഗസ്ഥർക്ക് ഓൺലൈൻ സൗകര്യം ലഭിക്കുന്നതിനാൽ ഏതു സമയത്തും ഫയലിൽ തീർപ്പ് കല്പിക്കുന്നതിന് സാധിക്കുന്നു. ഇതു വഴി ~~പൊതുജനത്തിന്~~ ഒരേ ആവശ്യത്തിന്റെ പേരിൽ നിരവധി തവണ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെയും, ഉദ്യോഗസ്ഥരുമായി നിരവധി തവണ കൂടിക്കാഴ്ച നടത്താതെയും സർക്കാർ സേവനങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി നിലവിൽ വരുന്നതോടു കൂടി സർക്കാർ ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കാനും, കാര്യക്ഷമമാക്കുവാനും, അഴിമതി വിമുക്തമാക്കാനും സാധിക്കും. |
| ഡി) | എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ ? | | |

Rahul. K. Jaiswar

സെക്ഷൻ ഓഫീസർ

6768 അനുബന്ധം

ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഓൺലൈനായി ലഭ്യമാക്കുന്ന (വില്ലേജ് ഓഫീസ് / താലൂക്ക് ഓഫീസ് വഴി വിതരണം ചെയ്തിരുന്ന) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങൾ |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരൻ ആണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസൈൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് |
| 15 | ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | കൺവേർഷൻ സർട്ടിഫിക്കറ്റ് |
| 20 | അഗതിയാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതരെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം ചെയ്തിട്ടില്ലാ എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |



Rahul. K. Jaikumar
SECTION OFFICER